കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ആര്യാട് ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി/ബി.പി-211/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ ജില്ല

തീയതി: 13.03.2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ആര്യാട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ആര്യാട് ബ്ലോക്ക് പഞ്ചായത്ത്- 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*****************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആര്യാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ 3-5 ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)അസി.ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി/ബി.പി-211/2017 തീയതി: 13.03.2017

## ആലപ്പുഴ ജില്ലയിലെ ആര്യാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ആര്യാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.03.2015 മുതൽ 31.01.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചിട്ടുണ്ട്. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4എണ്ണത്തിനു മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ആർ.അശോകൻ, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 09.02.2017മുതൽ<br>16.02.2017 വരെ | ശ്രീമതി.വി.മായ, ഓഡിറ്റ് ഓഫീസർ<br>ശ്രീ.കെ.എം. പ്രശോഭൻ, അസിസ്റ്റന്റ്ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. രഞ്ജു പ്രകാശ്, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

1.പ്രസിഡന്റ്

| | | |
|---|---|---|
| 1. | ശ്രീ.എൻ.എസ്.ജോർജ്ജ് | 01.04.2015 മുതൽ 18.11.2015 വരെ |
| 2. | അഡ്വ.ഷീന സനൽകുമാർ | 30.11.2015 മുതൽ 31.03.2016വരെ |

2.സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീ.സനൽകുമാർ.കെ.എസ്. | 01.04.2015 മുതൽ 08.02.2016 വരെ |
| 2 | ശ്രീമതി.നിർമ്മല.എം. | 09.02.2016 മുതൽ 15.02.2016 വരെ |

| | | |
|---|---|---|
| 3 | ശ്രീ.ശരത് ചന്ദ്രകുറുപ്പ് | 15.02.2016 മുതൽ 31.03.2016വരെ |

3.സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീമതി.കെ.ടി.ചെമ്പകക്കുട്ടി | 01.04.2015 മുതൽ 18.11.2015 വരെ |
| | | ശ്രീ.എൻ.ടി.സ്നേഹജൻ | 30.11.2015 മുതൽ 31.03.2016 വരെ |
| 2 | വികസനകാര്യം | ശ്രീ.കെ.എൻ.ബാഹുലേയൻ | 01.04.2015 മുതൽ 18.11.2015 വരെ |
| | | ശ്രീമതി.കൊച്ചുത്രേസ്യ ജെയിംസ് | 30.11.2015 മുതൽ 31.03.2016 വരെ |
| 3 | ക്ഷേമകാര്യം | ശ്രീമതി.ഉദയമ്മ.എം.ബി | 01.04.2015 മുതൽ 18.11.2015 വരെ |
| | | ശ്രീ.ജയൻ തോമസ് | 30.11.2015 മുതൽ 31.03.2016 വരെ |
| 4 | ആരോഗ്യകാര്യം വിദ്യാഭ്യാസകാര്യം | ശ്രീ.പി.കെ.ശിവമണി | 01.04.2015 മുതൽ 18.11.2015 വരെ |
| | | ശ്രീമതി.വിലഞ്ചിത ഷാനവാസ് | 30.11.2015 മുതൽ 31.03.2016 വരെ |

കുറിപ്പ്:- 19.11.15 – 30.11.15 വരെ അഡ്ഹോക് കമ്മിറ്റി.

4.മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി അസിസ്റ്റന്റ്ഡയറക്ടർ | ശ്രീമതി.എം.എസ്.അജിത | 01.04.2015മുതൽ 25.09.2015വരെ |
| | ശ്രീ.പ്രമോദ് | 26.09.2015മുതൽ 18.12.2015 വരെ |
| | ശ്രീമതി.സഫീന.കെ.എസ് | 19.12.2015മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ, ചെട്ടികാട് | ഡോ.സജിത | 01.04.2015മുതൽ 30.08.2015 വരെ |
| | ഡോ.വിശ്വകല.വി.എസ് | 31.08.2015മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ, മുഹമ്മ | ഡോ.ഡോൺ ബോസ്കോ | 01.04.2015മുതൽ 29.02.2016 വരെ |
| | ഡോ.ശ്രീദേവി.എസ് | 01.03.2016മുതൽ 31.03.2016 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ.ബിജു സുന്ദർ | 01.04.2015മുതൽ 07.01.2016 വരെ |
| | ശ്രീ.രാജീവ്.എസ് | 08.01.1016മുതൽ 31.03.2016 വരെ |
| സി.ഡി.പി.ഒ | ശ്രീമതി.ഡയാന.എ | 01.04.2015മുതൽ |

| | | |
|---|---|---|
| | | 31.03.2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.ടി.ജി.വിജയൻ | 01.04.2015മുതൽ 05.12.2015 വരെ |
| | ശ്രീ.സുരേഷ് | 06.12.2015മുതൽ 18.12.2015 വരെ |
| | ശ്രീ.അപ്പൻ.എസ് | 19.12.2015മുതൽ 31.03.2016 വരെ |
| ഇൻഡസ്ട്രീസ് എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീ.ഉദയകുമാർ | 01.04.2015മുതൽ 31.03.2016വരെ |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീമതി.സുസ്മിത.എൽ | 01.04.2015മുതൽ 31.03.2016 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പൊതു അവലോകനം | 1-1to1-8 |
| | ഭാഗം2 | |
| 2 | വാടക നിരക്ക് വർദ്ധിപ്പിക്കുന്നില്ല – വരുമാന നഷ്ടം | 2-1 |
| 3 | വിവിധ അറ്റകുറ്റപ്പണി/നവീകരണ പ്രവൃത്തികളിൽ, പൊളിച്ചുമാറ്റിയ വസ്തുക്കളുടെ ലേലം നടത്തിയിട്ടില്ല. | 2-2 |
| | ഭാഗം 3 | |
| 4 | എസ്.സി. പഠിതാക്കൾക്ക് പഠന സാധനങ്ങൾ ഉൾപ്പെടെയുള്ള പഠനമുറി നിർമ്മാണം - അപാകതകൾ | 3-1 |
| 5 | കോൺഫറൻസ് ഹാൾ നവീകരണം - സ്ഥാപനത്തിന് നികുതിയിനത്തിൽ അധികതുക നല്കി | 3-2 |
| 6 | പച്ചക്കറി വിത്ത് പാക്കറ്റുകൾ അധികം വാങ്ങി - തുക ഓഡിറ്റിൽ നിരാകരിക്കുന്നു | 3-3 |
| 7 | മുൻകാല പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ - സുവനീറിന് അധികം തുക നല്കി | 3-4 |
| 8 | പട്ടികജാതി വികസന ഓഫീസർ നടപ്പാക്കിയ പ്രോജക്ടുകൾ - അപാകതകൾ | 3-5 |
| 9 | മാരാരിക്കുളം തെക്ക് ഗ്രാമ പഞ്ചായത്ത് വാർഡ് 19 കൃഷിഭവൻ റോഡ് നിർമ്മാണം - ബ്ലെന്റിംഗ് മെറ്റീരിയലിന് അധിക നിരക്ക് നൽകി. | 3-6 |

| | | |
|---|---|---|
| 10 | പൊതുമരാമത്ത് പ്രവൃത്തികൾ - ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത ഇനം പ്രവൃത്തികൾ നടപ്പിലാക്കുന്നു. | 3-7 |
| 11 | വിറ്റമിൻ എ പ്ലാന്റ് - അഞ്ജലി റോഡ് ടാറിംഗ് - നിർവ്വഹണത്തിലെ അപാകതകൾ | 3-8 |
| 12 | ഫൈനൽ ബില്ലിൽ നിന്നും കാലിവീപ്പയുടെ വില കുറവ് ചെയ്തില്ല. | 3-9 |
| 13 | മുഹമ്മ സി.എച്ച്.സി.വൈദ്യുതികരണം - തുക, ഡിപ്പോസിറ്റ് ചെയ്ത് മാസങ്ങൾ കഴിഞ്ഞിട്ടും വേല ആരംഭിച്ചിട്ടില്ല | 3-10 |
| 14 | പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഇല്ലാതെ ബ്ലോക്ക് പഞ്ചായത്ത് ആനുകൂല്യം നല്കുന്നു | 3-11 |
| 15 | ലോഗ് ബുക്കിൽ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല | 3-12 |
| 16 | പദ്ധതി രൂപീകരണ നിർവഹണ ചെലവുകൾ - മുഴുവൻ ചെലവുകളും ഉൾപ്പെടുത്തിയിട്ടില്ല | 3-13 |
| 17 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് - ബ്ലോക്ക് വിഹിതം അനുവദിക്കൽ - തുക പഞ്ചായത്ത് കൈപ്പറ്റിയതിന് രേഖകളില്ല | 3-14 |
| 18 | ഐ.എ.വൈ.ഭവന നിർമ്മാണം - അവലോകനം | 3-15 |
| | ഭാഗം 4 | |
| 19 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | 4-1to4-10 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 30.03.2015തീയതിയിലെ 1-ാംതീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 134123352 | 124395700 |

1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 04.07.2016 |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 23181535 |
| വരവ് | 108366918 |
| ആകെ | 131548453 |
| ചെലവ് | 102526472 |
| നീക്കിയിരിപ്പ് | 29021981 |

1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | T.C ചെയ്തു ലഭിച്ച തുക | തൻവർഷ അലോട്ട്മെന്റ് | അലോട്ട്മെന്റിൽ നിന്നും പിൻവലിച്ച തുക | ആകെ | ചെലവ് | TC ചെയ്തു നൽകിയ തുക | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 0 | 23017000 | 22971560 | 22971560 | 22971560 | 0 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 0 | 0 | 4158000 | 4109223 | 4109223 | 4109223 | 0 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 261000 | 100000 | 100000 | 100000 | 0 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 812535 | 0 | 3356000 | 1059409 | 1871944 | 1871944 | 0 | 0 | 100 |

1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 56 | 31510318 | 45 | 29052727 | 11 | ഇല്ല | 80.36 |

1-7 തനത് വരുമാനം

| ഇനം | മുൻവർഷം (2014-15) | തൻവർഷം (2015-16) | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 0 | 0 | 0 | 0 |
| നികുതിയേതര വരവുകൾ | 42000 | 42000 | 0 | 0 |
| മറ്റ് വരവുകൾ | 26950 | 46240 | 19290 | 71.58 |
| ആകെ | 68950 | 88240 | 19250 | 27.92 |

1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച |
|---|---|---|---|

| | നടത്തിയ തീയതി | | തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.08.2016 | 2015-16 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09.05.2014 | 2010-11മുതൽ 2012-13 വരെ | 20.05.2014 |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വാടക നിരക്ക് വർദ്ധിപ്പിക്കുന്നില്ല - വരുമാന നഷ്ടം

സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ Rural Self Employment Training Institutes നടത്തുന്നതിന് വേണ്ടി ബ്ലോക്ക് പഞ്ചായത്ത് കോമ്പൌണ്ടിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങൾ (ബിൽഡിംഗ് നം.XXII/575 & XXII/572 ) എസ്.ബി.റ്റി യ്ക്ക് വാടകയ്ക്ക് നല്കിയിട്ടുണ്ട്. ആര്യാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും ഡയറക്ടർ, എസ്.ബി.റ്റി, RSETI, ആലപ്പുഴയും ചേർന്ന് 08.02.2010ൽ ചമച്ച എഗ്രിമെന്റ് പ്രകാരം പ്രതിമാസം 3500/-രൂപ നിരക്കിൽ വാടക നിശ്ചയിച്ചിട്ടുള്ളതാണ്. എഗ്രിമെന്റ് ഖണ്ഡിക നം.2 പ്രകാരം, ടി കെട്ടിടങ്ങളുടെ വാടക കരാർ 5 വർഷം പൂർത്തിയാകുന്നതിന് 3 മാസം മുമ്പ് (09.11.2014 ന്) 20% വർദ്ധനവ് വരുത്തി പുതുക്കേണ്ടതാണ്. 12.08.2015ലെ 02-ാം നമ്പർ തീരുമാന പ്രകാരം 4200/-രൂപ വാടക പുതുക്കി നിശ്ചയിച്ചതായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും നാളിതുവരെ വർദ്ധിപ്പിച്ച തുക ഈടാക്കിയിട്ടില്ല. ടി വിവരങ്ങൾ ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 2/13.02.2017) തൃപ്തികരമായ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ, കാലാവധി അവസാനിക്കുന്ന 02/2015മുതൽ 03/2016വരെ 9800/- (700X14) രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട് (ഓഡിറ്റ് വർഷത്തെ നഷ്ടത്തുക 8400/- രൂപ). തുക പിഴ പലിശ സഹിതം സ്ഥാപനത്തിൽ നിന്നും ഈടാക്കേണ്ടതാണ്.

### 2-2 വിവിധ അറ്റകുറ്റപ്പണി/നവീകരണ പ്രവൃത്തികളിൽ, പൊളിച്ചുമാറ്റിയ വസ്തുക്കളുടെ ലേലം നടത്തിയിട്ടില്ല

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നടപ്പിലാക്കിയ ആര്യാട് ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലെ വിവിധ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി(S0046/16) എന്ന പ്രവൃത്തിയുടെ 1-ാം ഇനം Dismantling wood work in frames, trusses, purlins and rafters upto 10m span and 5 m height including stacking the material within 50 m lead etc. Complete 0.9139 $m^3$ ചെയ്തിട്ടുണ്ട്. ഈ ഇനം ചെയ്തതുവഴി Anjili wood scantlings – 0.510 $m^3$, Fuel wood – 2.300 Qtl എന്നിവ ലഭിച്ചിട്ടുണ്ട്. ഇവയുടെ മൂല്യം യഥാക്രമം 20000/$m^3$, 350/$m^3$ നിരക്കിൽ 10200 രൂപയും 805 രൂപയും ചേർത്ത് 11005 രൂപയായി നിർണ്ണയിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ലഭിച്ച വസ്തുക്കൾ ലേലം നടത്തുന്നതിനായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. എന്നാൽ ഇവയുടെ ലേലം നടത്തി തുക ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ വരവ് വെച്ചിട്ടില്ല. ഇതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് 15.02.2017-ൽ നൽകിയ 12-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച സാധനങ്ങളുടെ ലേലം നടത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം 11005 രൂപയുടെ നഷ്ടം സെക്രട്ടറിയുടെ ബാദ്ധ്യതയായി നിർണ്ണയിക്കുന്നതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 എസ്.സി പഠിതാക്കൾക്ക് പഠന സാധനങ്ങൾ ഉൾപ്പെടെയുള്ള പഠനമുറി നിർമ്മാണം - അപാകതകൾ

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രസ്തുത പ്രോജക്ടിൽ (നം.S0066/16) രണ്ടു ഗുണഭോക്താക്കൾക്ക് പഠനമുറി നിർമ്മിച്ചു നൽകുന്നതിനായി വികസനഫണ്ടിൽ നിന്നും 314000 രൂപ വകയിരുത്തിയിരുന്നു. ഗുണഭോക്തൃസമിതി വഴിയാണ് പ്രവൃത്തി നടപ്പാക്കിയിട്ടുള്ളത്. ആനുകൂല്യം

കൈപ്പറ്റിയവരുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

| ക്രമനം. | ഗുണഭോക്താവിന്റെ പേര് | പഠിച്ചുകൊണ്ടിരിക്കുന്ന കോഴ്സ് |
|---|---|---|
| 1 | ശ്യാമിലിമോൾ,<br>തറയിൽ,<br>പെരുന്തുരുത്ത്,<br>മുഹമ്മ | B.Sc Nursing |
| 2 | രാഖിമോൾ.സി.വി,<br>ചുള്ളനവെളി,<br>മുഹമ്മ പി.ഒ | B.Ed |

പ്രോജക്ടിന്റെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 16.11.2013-ലെ ജി.ഒ.(എം.എസ്) 362/2013 ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഗ്രാമ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും മാത്രമേ വ്യക്തിഗത ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്ന പരിപാടികൾ ഏറ്റെടുക്കാവൂ. ഈ നിബന്ധനയിൽ നിന്ന് നെൽകൃഷിക്കാർക്ക് കൂലിച്ചെലവ് സബ്സിഡി, ഭൂരഹിത-ഭവനരഹിതർക്കുവേണ്ടി ഗ്രാമപഞ്ചായത്ത് നേരിട്ട് സ്ഥലം വാങ്ങിക്കുന്ന പ്രോജക്ടുകൾ, പട്ടിക വർഗ്ഗക്കാർക്കുള്ള പുതിയ വീട് നിർമ്മാണം, എച്ച്.ഐ.വി ബാധിതർക്കുള്ള പോഷകാഹാരവിതരണം, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്, ഐ.എ.വൈ ഭവന പദ്ധതി എന്നീ ഇനങ്ങളെ മാത്രമാണ് ഒഴിവാക്കിയിട്ടുള്ളത്. പ്രസ്തുത ഉത്തരവ് പ്രകാരം ഈ പ്രോജക്ട് ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കാൻ പാടുള്ളതല്ല.

2. ഗുണഭോക്താക്കളെ ഗ്രാമസഭ വഴി തെരഞ്ഞെടുത്തിട്ടില്ല. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അർഹരായ രണ്ട് ഗുണഭോക്താക്കളെ കണ്ടെത്തി നൽകുവാൻ എസ്.സി.ഡെവലപ്പ്മെന്റ് ഓഫീസറോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള വിദ്യാർത്ഥികളിൽ വരുമാനം കുറഞ്ഞതും പഞ്ചായത്തുകമ്മറ്റി അംഗീകരിച്ചതുമായ രണ്ടു വിദ്യാർത്ഥികളുടെ ലിസ്റ്റ് നൽകുകയാണ് ചെയ്തിട്ടുള്ളത്. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കാര്യത്തിൽ അടിസ്ഥാനപരമായി ഗ്രാമസഭയാണ് ഗുണഭോക്താക്കളെ കണ്ടെത്തേണ്ടത്. ജില്ലാ പഞ്ചായത്തിനും ബ്ലോക്ക് പഞ്ചായത്തിനും ഗ്രാമസഭ വിളിച്ചുകൂട്ടാൻ കഴിയാത്തതിനാൽ അവർ ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് വഴി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കണം. ഗ്രാമസഭ വഴി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

3. 15.02.2016-ലെ ജി.ഒ.(ആർ.ടി)626/2016/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം അളവ് അടിസ്ഥാനപ്പെടുത്തി പരമാവധി ഒരു ലക്ഷം രൂപ വരെയാണ് ഒരു ഗുണഭോക്താവിന് അനുവദിക്കാവുന്നത്. എന്നാൽ രണ്ടു ഗുണഭോക്താക്കൾക്കും കൂടി ആകെ 215223 രൂപ ചെലവഴിച്ചിട്ടുണ്ട്. അധികം ചെലവഴിച്ച തുക 15223 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക ഉത്തരവാദിയായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽനിന്നും ഈടാക്കേണ്ടതാണ്.

4. പട്ടികജാതി വകുപ്പിൽ നിന്നും ഇതേ ആനുകൂല്യം മുമ്പ് ലഭിച്ചിട്ടില്ല എന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

5. VIMS Mother Theresa College of Nursing Vijayawada പ്രിൻസിപ്പാൾ 28.07.2015-ൽ നൽകിയ സ്റ്റഡി സർട്ടിഫിക്കറ്റ് പ്രകാരം ഡിസംബർ 2015-ൽ ശ്യാമിലി മോൾ കോഴ്സ് പൂർത്തിയാക്കിയിട്ടുള്ളതാണ്. ഡിസംബർ 2015-ൽ കോഴ്സ് പൂർത്തിയാക്കിയ പഠിതാവിന് ആനുകൂല്യം നൽകിയത് ക്രമപ്രകാരമല്ല.

6. പ്രസ്തുത ഗുണഭോക്താക്കളുടെ ഭവനങ്ങൾ പ്രാദേശിക പരിശോധനയ്ക്ക് വിധേയമാക്കിയതിൽ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചതായി കണ്ടു. എന്നാൽ അളവ് പുസ്തകം പ്രകാരം നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. എസ്റ്റിമേറ്റിലെ 14 മുതൽ 19 വരെയുള്ള ഇനങ്ങൾ ചെയ്തിട്ടില്ലാത്തതിനാൽ കൺവീനർക്ക് പാർട്ട് ബിൽ പ്രകാരമുള്ള തുകയാണ് 2015-16 വർഷം അനുവദിച്ചിട്ടുള്ളത്. ഇതിനുശേഷം അളവ്പുസ്തകത്തിൽ അളവുകളൊന്നും രേഖപ്പെടുത്തിയിട്ടില്ല. സാങ്കേതിക അനുമതി ലഭിച്ച എസ്റ്റിമേറ്റിൽ ടൈൽസ് ഉപയോഗിച്ചുള്ള ഫ്ലോറിംഗ് ഉൾപ്പെടുത്തിയിരുന്നില്ലെങ്കിലും നിലവിൽ ചെയ്തിട്ടുള്ളതായി കണ്ടു. അപാകതകളിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് 14.02.2017-ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6)മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ 200000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

വിശദവിവരങ്ങൾ

അളവ്പുസ്തകം നം: XXIV/15-16, XXV/15-16

ഗുണഭോക്തൃസമിതി കൺവീനർ : ശ്രീ.എം.എൻ.സജിമോൻ, മുല്ലശ്ശേരിവെളി

ചെലവ്: ബിൽ നം.26/31.03.2016 215223/-

## 3-2 കോൺഫറൻസ് ഹാൾ നവീകരണം -സ്ഥാപനത്തിന് നികുതിയിനത്തിൽ അധികതുക നല്കി

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കിയ കോൺഫറൻസ് ഹാൾ നവീകരണം എന്ന പ്രോജക്ടിനായി (പ്രോജക്ട് നം. എസ്0057/16) 8 ഇനം ഫർണിച്ചറുകൾ ആലുവ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡിൽ നിന്നും വാങ്ങി. സ്ഥാപനം നല്കിയിട്ടുള്ള ബില്ലിൽ നികുതികൾ ഉൾപ്പെടെ ആകെ വില 3,98,883/- രൂപയാണ്. ഇതിന്റെ 80% തുകയായ 3,19,106/- രൂപ ചെക്ക് നം.4259937/30.03.16 പ്രകാരം നല്കുകയും ബാക്കി തുക 79,777/-രൂപ ചെക്ക് നം.27243966/29.09.16 പ്രകാരം 2016-17 വർഷം നല്കുകയും ചെയ്തിട്ടുണ്ട്. സ്ഥാപനം നല്കിയിട്ടുള്ള ബില്ലിൽ ഫർണ്ണിച്ചറുകളുടെ വില 3,01,854/-രൂപയാണ്. ഇതോടൊപ്പം ലോഡിംഗ് ചാർജ്ജ് 2700/-രൂപ ചേർത്ത് ആകെ 3,04,554/-രൂപ കാണിച്ച് ഈ സംഖ്യയ്ക്കാണ് 12.5% എക്സൈസ് ഡ്യൂട്ടി ചുമത്തിയതായി കാണിച്ചിട്ടുള്ളത്. തുടർന്ന്, എക്സൈസ് ഡ്യൂട്ടി ഉൾപ്പെടെ വന്ന 3,42,623/-രൂപയ്ക്ക് 14.5%വാറ്റും ഈടാക്കിയിട്ടുണ്ട്. മുകളിൽ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ എക്സൈസ് ഡ്യൂട്ടി 38,069/-രൂപയും വാറ്റ് 49,680/- രൂപയും സ്ഥാപനത്തിന് നല്കിയിട്ടുണ്ട്.

ഇവ യഥാക്രമം ഫർണിച്ചറിന്റെ വിലയായ 3,01,854/- രൂപയുടെ 12.7% ആയ37,732/-രൂപയും ഇതിന്റെ 14.5% ആയ 49,240/-രൂപയും ആണ്. ഈ ഇനത്തിൽ അധികം നല്കിയ തുക 777/-(337+440)സ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-3 പച്ചക്കറി വിത്ത് പാക്കറ്റുകൾ അധികം വാങ്ങി - തുക ഓഡിറ്റിൽ നിരാകരിക്കുന്നു

പ്രോജക്ട് നം. - എസ് 0055/16

പ്രോജക്ടിന്റെ പേര്- പച്ചക്കറിക്കൃഷി

അടങ്കൽ തുക- 13,00,000/-

ചെലവ് തുക- 11,81,000/-

ബിൽ നം.-1/2015-16,25.02.16 തുക-2,16,000/-

2/2015-16,30.03.16 തുക-9,65,000/-

ആലപ്പുഴ അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ നിർവ്വഹണം നടത്തിയ പച്ചക്കറിക്കൃഷി എന്ന പ്രോജക്ട് പ്രകാരം, കേരളാ സ്റ്റേറ്റ് സീഡ് ഡവലപ്പ്മെന്റ് അതോറിറ്റിയിൽ നിന്നും 216 പായ്ക്കറ്റ് പച്ചക്കറി വിത്തുകൾ ഒരെണ്ണത്തിന് 1000/-രൂപ നിരക്കിൽ വാങ്ങിയിട്ടുണ്ട്. ഗ്രൂപ്പുകൾക്ക് പച്ചക്കറി വിത്ത്, കൂലി ച്ചെലവ് സബ്സിഡി എന്നിവ നല്കുന്നതിനായാണ് പ്രോജക്ട് നടപ്പിലാക്കിയത്. ഒരു ഗ്രൂപ്പിന് 5000/-രൂപ നിരക്കിൽ 193 ഗ്രൂപ്പുകൾക്ക് (മാരാരിക്കുളം തെക്ക് - 39, മണ്ണഞ്ചേരി -103, മുഹമ്മ – 24, ആര്യാട്-27) മാത്രമാണ് കൂലിച്ചെലവ് സബ്സിഡി നൽകിയിരിക്കുന്നത്. 23 പാക്കറ്റ് വിത്ത് ഗ്രൂപ്പുകൾക്ക് നൽകിയതിന്റെയും അവ വിനിയോഗിച്ചതിന്റെയും രേഖകൾ ഹാജരാക്കിയിട്ടില്ല. കൂടാതെ, ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കുന്ന പ്രോജക്ടുകൾ പ്രകാരം വിത്തിനങ്ങൾ, കൂലിച്ചെലവ് സബ്സിഡി എന്നിവ കൈപ്പറ്റിയിട്ടില്ല എന്ന് അതാത് ഗ്രാമപഞ്ചായത്തുകളിലെ നിർവ്വഹണ ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.3, തീയതി-13.02.17) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ, 23 പായ്ക്കറ്റ് വിത്തിന്റെ വിലയായ 23,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. തുക നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-4 മുൻകാല പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ - സുവനീറിന് അധികം തുക നല്കി

നിർവഹണം -സെക്രട്ടറി

ബ്ലോക്ക് പഞ്ചായത്തിന്റെ മുൻകാല പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷന വേണ്ടി (പ്രോജക്ട് നം.എസ് 033/16)ബിൽ നം.33/29.03.16 പ്രകാരം 78,800/-രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് താഴെ പ്പറയുന്ന ഇനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം | ഇനം | തുക(രൂപ) | കൈപ്പറ്റിയത് |
|---|---|---|---|
| 1 | ഫോട്ടോ | 450 | ശ്രീഹരി സ്റ്റുഡിയോ |
| 2 | ഫോട്ടോ | 850 | അരുൺ ഡിജിറ്റൽ സ്റ്റുഡിയോ |
| 3 | മാഗസിൻ പേജ് ലേ ഔട്ട് | 1000 | |
| 4 | സുവനീർ ഡിസൈനിംഗ്, ലേ ഔട്ട് &കമ്പോസിംഗ് | 23000 | ഇന്ദീവരം ഇന്റർനെറ്റ് കഫേ |
| 5 | പ്രിന്റിംഗ് വർക്സ് | 53500 | എസ്.എസ്.ഡിസൈനേഴ്സ്, കാർത്ത്യായനി ഓഫ് സെറ്റ് |
| ആകെ | | 78800 | |

പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട് കാണുന്ന പോരായ്മകൾ

1. മാഗസീൻ പ്രിന്റ് ചെയ്യുന്നതിനായി 96കളർ പേജും 4പേജ് കളർ കവറോടുകൂടിയതുമായ 76 മൈക്രോൺ സൈസ് ആർട്ട് പേപ്പറിൽ പ്രിന്റ് ചെയ്ത സുവനീർ 150എണ്ണം എന്ന കാണിച്ചാണ് ക്വട്ടേഷൻ ക്ഷണിച്ചിരിക്കുന്നത്. ഇതിന് ക്വട്ടേഷൻ സമർപ്പിച്ചിട്ടുള്ളതിൽ എസ്.എസ് ഡിസൈനേഴ്സ്, കാർത്ത്യായനി ഓഫ് സെറ്റിന്റെ ക്വട്ടേഷനാണ് കുറഞ്ഞ വില ക്വോട്ട് ചെയ്തിരുന്നത്. എന്നാൽ, സുവനീർ ഡിസൈനിംഗ്, ലേ ഔട്ട് & കമ്പോസിംഗിന് ക്വട്ടേഷൻ ക്ഷണിച്ചിരുന്നില്ലെങ്കിലും 3 സ്ഥാപനങ്ങൾ ക്വട്ടേഷൻ സമർപ്പിക്കുകയും ഏറ്റവും കുറവ് വില ക്വാട്ട് ചെയ്ത ഇന്ദീവരം ഇന്റർനെറ്റ് കഫേയ്ക്ക് ക്വട്ടേഷൻ ഉറപ്പിച്ച് നല്കുകയുണ്ടായി. ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ലാത്ത ഒരിനത്തിന് ക്വട്ടേഷൻ സ്വീകരിച്ച് തുക അനുവദിച്ച് നല്കിയത് ക്രമപ്രകാരമല്ല. മാത്രമല്ല, ഇതിന് ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുമില്ല. ആയതിനാൽ, ഈയിനത്തിൽ വന്ന23,000/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല.
2. 100 പേജ് വരുന്ന 150 എണ്ണം സുവനീറിന് ആകെ 78,800/-രൂപ ചെലവ് വന്നിട്ടുണ്ട്. അതായത് ഒരെണ്ണത്തിന് 525.33/- രൂപ വന്നിട്ടുണ്ട്. ഈ വില യുക്തി രഹിതമാണ്.
3. സുവനീർ പ്രിന്റ് ചെയ്ത് ലഭിച്ചിട്ടുണ്ട്. എന്നാൽ ഇത് സ്റ്റോക്കിലെടുക്കുകയോ വിതരണം ചെയ്യുകയോ ചെയ്തിട്ടില്ല. മാത്രമല്ല ആർക്കെല്ലാം വിതരണം ചെയ്യുവാനായാണ് സുവനീർ പ്രിന്റ് ചെയ്തതെന്ന് ഫയലിൽ സൂചിപ്പിച്ചിട്ടില്ല.

പദ്ധതി പണം യുക്തിരഹിതമായി ചെലവഴിക്കുകയും ഉപയോഗരഹിതമായി സുവനീർ വിതരണം ചെയ്യാതെ സൂക്ഷിക്കുകയും ചെയ്തിട്ടുള്ളതിനാൽ ഇതിനുവേണ്ടി ചെലവഴിച്ചത് പാഴ്ച്ചെലവായി ഓഡിറ്റ് വിലയിരുത്തുന്നു.

## 3-5 പട്ടികജാതി വികസന ഓഫീസർ നടപ്പാക്കിയ പ്രോജക്ടുകൾ - അപാകതകൾ

2015-16 വർഷം പട്ടികജാതി വികസന ഓഫീസർ നടപ്പാക്കിയ യുവജനങ്ങൾക്ക് വിദ്യാഭ്യാസ ധനസഹായം (പ്രോജക്ട് നം.S032/16), പ്രൊഫഷണൽ കോഴ്സിൽ പഠിക്കുന്ന എസ്.സി. പഠിതാക്കൾക്ക് ലാപ് ടോപ്പ് നൽകൽ (പ്രോജക്ട് നം.S067/16) എന്നിവയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

സുതാര്യമായും അർഹതയുടെ അടിസ്ഥാനത്തിൽ സ്വയം തെരഞ്ഞെടുക്കപ്പെടൽ മാനദണ്ഡമാക്കിയും ഗ്രാമസഭകളിലാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടത് എന്നും, ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കളെ അംഗീകരിക്കുക മാത്രമാണ് പഞ്ചായത്ത് കമ്മിറ്റികളുടെ ഉത്തരവാദിത്വം എന്നും, ഗ്രാമസഭയിൽ തെരഞ്ഞെടുക്കപ്പെടാത്തവർക്ക് ആനുകൂല്യം നൽകുന്നത് ക്രമവിരുദ്ധമാണെന്നും 02.10.1997ലെ 220/97-ാം നമ്പർ

ഉത്തരവുപ്രകാരം സർക്കാർ (ത.സ്വ.ഭ.വ) വ്യക്തമാക്കിയിട്ടുണ്ട്. ഇതിനുപുറമേ, വ്യക്തമായ മാനദണ്ഡത്തെയും സമവായത്തേയും അടിസ്ഥാനമാക്കി വിവേചനാധികാരത്തിനും രക്ഷാകർതൃത്ത്വത്തിനും സ്വേച്ഛാപരതയ്ക്കും അവസരം നൽകാതെയാവണം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടതെന്ന് ബഹു. കേരള ഹൈക്കോടതി 4.4.97ൽ O.P.നം.18175/96ന്റെ വിധിപ്രഖ്യാപനത്തിൽ വ്യക്തമാക്കിയിരുന്നു. മറിച്ചായാൽ ആയത് പഞ്ചായത്ത് രാജ് ആക്ടിന്റെയും ഭരണഘടനയുടെ 14-ാം അനുച്ഛേദത്തിന്റെയും ലംഘനമാവും എന്നും വ്യക്തമാക്കിയിരുന്നു.

എന്നാൽ പട്ടികജാതി വികസന ഓഫീസർ നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകളിൽ മേൽ നിബന്ധനകൾ അവഗണിച്ച് ഗ്രാമസഭയിൽ തെരഞ്ഞെടുക്കപ്പെടാത്തവർക്ക് ആനുകൂല്യം നൽകി.

1. <u>യുവജനങ്ങൾക്ക് വിദ്യാഭ്യാസ ധനസഹായം</u>

<table>
<tr><th>ക്രമ നം.</th><th>ഗ്രാമസഭയിൽ തെരഞ്ഞെടുക്കപ്പെടാതെ ധനസഹായം ലഭിച്ച ഗുണഭോക്താവ്</th><th>തുക</th><th>കുറിപ്പ്</th></tr>
<tr><td>1</td><td>നീതു ഹാസ്, ധന്യഭവൻ, മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത്</td><td>50000</td><td rowspan="6">ടി പ്രോജക്ടിനായി ബിൽ നം.16/23.12.15 പ്രകാരം 1,75,000/-രൂപയും<br><br>ബിൽ നം.18/16.1.16 പ്രകാരം 50000/- രൂപയും ആകെ പിൻവലിച്ച 2,25,000/-രൂപയിൽ, മുഹമ്മ ഗ്രാമപഞ്ചായത്തിലെ സി.വി.രജനി, ചുള്ളനവെളി എന്നയാൾക്ക് നൽകിയ 25000/-മാത്രമാണ് നിയമപ്രകാരം വിതരണം ചെയ്യപ്പെട്ടത്.</td></tr>
<tr><td>2</td><td>ശ്യാമിലിമോൾ, തറയിൽ വീട്, മുഹമ്മ ഗ്രാമപഞ്ചായത്ത്</td><td>50000</td></tr>
<tr><td>3</td><td>രാഖിമോൾ.സി.വി, ചുള്ളനവെളി, മുഹമ്മ ഗ്രാമപഞ്ചായത്ത്</td><td>25000</td></tr>
<tr><td>4</td><td>മീരാ പ്രദീപ്, വെളിയിൽ, മാരാരിക്കുളം ഗ്രാമപഞ്ചായത്ത്</td><td>25000</td></tr>
<tr><td>5</td><td>കെ.സി.നന്ദകുമാർ, കുപ്പക്കാട്</td><td>25000</td></tr>
<tr><td>6</td><td>അശ്വതി.വി, പൂതുവൽ</td><td>25000</td></tr>
<tr><td></td><td>ആകെ</td><td>200000</td><td></td></tr>
</table>

2. <u>പ്രൊഫഷണൽ കോഴ്സിൽ പഠിക്കുന്ന എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ് ടോപ്</u>

| ക്രമനം. | ഗ്രാമസഭയിൽ തെരഞ്ഞെടുക്കപ്പെടാതെ ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കൾ | തുക |
|---|---|---|
| 1 | നീതുഹാസ്, ധന്യാഭവൻ, മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് | 40000 |
| 2 | ശ്യാമിലിമോൾ, തറയിൽ, മുഹമ്മ ഗ്രാമപഞ്ചായത്ത് | 40000 |
| 3 | ശ്രീജിത്, കണ്ടത്തിൽ, മുഹമ്മ ഗ്രാമപഞ്ചായത്ത് | 40000 |
| 4 | അശ്വതി.വി, പുതുവൽ, ആര്യാട് ഗ്രാമപഞ്ചായത്ത് | 40000 |
| | | 16000 |

ടി പ്രോജക്ടിനായി ബിൽ നം.30/28.03.16 പ്രകാരം പിൻവലിച്ച 2,00,000/-രൂപയിൽ ബാക്കിയായ 40,000/- മുഹമ്മ ഗ്രാമപഞ്ചായത്തിലെ സി.വി.രജനി, ചുള്ളനവെളി എന്നയാൾക്ക് നൽകി. ടിയാൾ ഗ്രാമസഭയിൽ തെരഞ്ഞെടുക്കപ്പെട്ടിരുന്നു എങ്കിലും, പഠിച്ചിരുന്ന ബി.എഡ് കോഴ്സ് പൂർത്തിയാക്കാതെ അവസാനിപ്പിച്ചതിനുശേഷമാണ് ആനുകൂല്യം നൽകിയത്. ഇതിനുപുറമേ ക്രമനം. 2ൽ പറയുന്ന ശ്യാമിലിമോൾ പഠിച്ചിരുന്ന കോഴ്സ് - നഴ്സിംഗ് (VIMS മദർ തെരേസ കോളേജ് ഓഫ് നഴ്സിംഗ്, വിജയവാഡ) പൂർത്തിയാക്കിയതിനുശേഷമാണ് ആനുകൂല്യം നൽകിയത്. കോഴ്സ് പൂർത്തിയാക്കിയതിനുശേഷവും ഇടക്കുവച്ച് അവസാനിപ്പിച്ചവർക്കും ആനുകൂല്യം നൽകുന്നത് ക്രമവിരുദ്ധമാണ്.

ഗ്രാമസഭയിൽ തെരഞ്ഞെടുക്കപ്പെടാത്തവർക്കും, പഠനം പൂർത്തിയാക്കിയവർക്ക്/അവസാനിപ്പിച്ചവർക്ക് ആനുകൂല്യം നൽകാൻ ഉപയോഗിച്ച 4,00,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ അനുവദിക്കുന്നില്ല. ടി തുക ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതാണ്.

## **3-6** മാരാരിക്കുളം തെക്ക് ഗ്രാമ പഞ്ചായത്ത് വാർഡ് **19** കൃഷിഭവൻ റോഡ് നിർമ്മാണം - ബ്ലെൻഡിംഗ് മെറ്റീരിയലിന് അധിക നിരക്ക് നൽകി

2014-15 വർഷം ആരംഭിച്ച് 2015-16 വർഷം പൂർത്തിയാക്കിയ പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് DSR 2013 പ്രകാരമാണ്. പ്രവൃത്തിയുടെ അപ്പൻഡിക്സ് A ഇനം 4 supplying and stacking at site good earth for blinding as per CPWD specification എന്നതിന് ഗുണഭോക്തൃ സമിതി കൺവീനർ ശ്രീ.തോമസ്, കണ്ടനാട് എന്ന വ്യക്തിക്ക് അനുവദിച്ചിരിക്കുന്ന നിരക്ക് 1091.75/$m^3$ ആണ്. 2015-16 വർഷം നടപ്പിലാക്കിയിട്ടുള്ള മറ്റ് നാല് റോഡ് നിർമ്മാണ പ്രവൃത്തികളിൽ പ്രസ്തുത ഇനത്തിന് DAR 2014 സ്പെസിഫിക്കേഷൻ 16.3.9 പ്രകാരം കരാറുകാരന് 467.60/$m^3$, ഗുണഭോക്തൃസമിതി കൺവീനർക്ക് 406.60 എന്നീ നിരക്കുകളാണ് അനുവദിച്ചിട്ടുള്ളത്. അധിക നിരക്ക് നൽകിയതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് 14.02.2017-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.5-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത പ്രവൃത്തിക്ക് 1091.75/$m^3$ നിരക്ക് അനുവദിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. DAR 2013 പ്രകാരം ഈ ഇനത്തിന് അനുവദിക്കാവുന്ന നിരക്ക് 370/$m^3$ ആണ്. അളവ് പുസ്തകം നം:XX/14-15 പേജ് 7 പ്രകാരം 8.04$m^3$ ഗുഡ് എർത്ത് സ്റ്റാക്ക് ചെയ്യുകയും പേജ് 17 പ്രകാരം 7.76$m^3$ ആയി ലിമിറ്റ് ചെയ്ത് 1091.75/$m^3$ നിരക്കിൽ 8471.98 രൂപ കൺവീനർക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അധികം ചെലവഴിച്ച 5601രൂപ (8471.98-2871.2)ഉത്തരവാദിയായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

<u>ചെലവ്:</u>

ബിൽ നം.44/14-15/31.03.2015 324361/-

ബിൽ നം.1/19.08.2015 185639/-

## 3-7 പൊതുമരാമത്ത് പ്രവൃത്തികൾ - ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത ഇനം പ്രവൃത്തികൾ നടപ്പിലാക്കുന്നു

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 172, നാലാം പട്ടിക പ്രകാരം ഒന്നിലധികം ഗ്രാമ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ബ്ലോക്ക് പഞ്ചായത്തിനുള്ളിലെ വില്ലേജ് റോഡുകളും ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ മറ്റ് റോഡുകളും പരിപാലിക്കുക, സർക്കാരിൽ നിന്നും കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങൾക്കായി കെട്ടിടങ്ങൾ നിർമ്മിക്കുക എന്നിവയാണ് ബ്ലോക്ക് പഞ്ചായത്തിന്റെ പൊതുമരാമത്ത് മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ. എന്നാൽ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത ഇനം പ്രവൃത്തികൾക്ക് അതായത്, വിവിധ പഞ്ചായത്തുകളിൽ കോൺക്രീറ്റ് നടപ്പാത നിർമ്മാണത്തിനാവശ്യമായ സാമഗ്രികളുടെ വിതരണം എന്ന പ്രോജക്ടിൽപ്പെടുത്തി മാരാരിക്കുളം തെക്ക്, മുഹമ്മ, ആര്യാട്, മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്തുകൾക്ക് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തി നടത്തുന്നതിനായി 2015-16 വർഷം പാർട്ട് ബില്ലുകൾ പ്രകാരം മെറ്റീരിയൽസ് സപ്ലൈ ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാമപഞ്ചായത്തിന്റെ പേര് | കരാറുകാരൻ | ബിൽനം./തീയതി | തുക |
|---|---|---|---|
| മാരാരിക്കുളം തെക്ക് | ടി.എ.റാഫേൽ | 19/31.03.2016 | 912287 |
| മണ്ണഞ്ചേരി | ബെന്നി.ടി | 23/31.03.2016 | 209779 |
| മുഹമ്മ | ബെന്നി.ടി | 28/31.03.2016 | 224781 |
| ആര്യാട് | അജയകുമാർ | 18/31.03.2016 | 678992 |
| ആകെ | | | 2025839 |

കൂടാതെ, 2015-16 വർഷം നടപ്പിലാക്കിയ വിറ്റാമിൻ A പ്ലാന്റ് – അഞ്ജലി റോഡ് ടാറിംഗ് മാരാരിക്കുളം സൗത്ത് ഗ്രാമപഞ്ചായത്ത്, മൂര്യംവെളി പട്ടികജാതി സങ്കേതം റോഡ് വാർഡ് 8 ആര്യാട് ഗ്രാമപഞ്ചായത്ത്, വളവനാട് തെക്കേ കാണിക്ക മണ്ഡപം റോഡ് ടാറിംഗ് മാരാരിക്കുളം സൗത്ത് ഗ്രാമപഞ്ചായത്ത്, മിത്രപ്പടി - നമ്പ്യാനവെളി റോഡ് ടാറിംഗ് എന്നീ പ്രവൃത്തികൾ ഒന്നിലധികം ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്നവയല്ല. ഇവ ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ റോഡുകളാണോ എന്ന് വിശദമാക്കുവാൻ ആവശ്യപ്പെട്ട് 14.02.2017-ൽ നൽകിയ 7-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടുന്ന ഇനം പ്രവൃത്തികൾ മാത്രം നടപ്പിലാക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-8 വിറ്റമിൻ എ പ്ലാന്റ് - അഞ്ജലി റോഡ് ടാറിംഗ് - നിർവ്വഹണത്തിലെ അപാകതകൾ

1) ഗുണഭോക്തൃസമിതി മുഖേന നടത്തിയ ടാറിംഗ് പ്രവൃത്തികളിൽ ടാറിന് യഥാർത്ഥ വിലയേക്കാൾ ഉയർന്ന നിരക്ക് നൽകി

ബ്ലോക്ക് പഞ്ചായത്ത് 2015-16 വർഷം നടപ്പിലാക്കിയ വിറ്റമിൻ എ പ്ലാന്റ് - അഞ്ജലി റോഡ് ടാറിംഗ് മാരാരിക്കുളം സൗത്ത് ഗ്രാമപഞ്ചായത്ത് എന്ന പ്രവൃത്തിയുടെ 2014 DSR പ്രകാരമുള്ള എസ്റ്റിമേറ്റിൽ ടാറിന് 73.72/kg നിരക്കാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എസ്റ്റിമേറ്റ് പ്രകാരമുള്ള 711$m^2$ ടാറിംഗ് പ്രവൃത്തിക്ക് ആവശ്യമായ ബിറ്റുമിന്റെ അളവ് 2253.87ആയി കണക്കാക്കുകയും കൺവീനർക്ക് ടാർ സപ്ലൈ ചെയ്യുന്നതിന് SIDCO ക്ക് കത്ത് നൽകുകയും ചെയ്തു. പ്രവൃത്തിയുടെ നിർവ്വഹണ രേഖകൾക്കൊപ്പം കൺവീനർ ഹാജരാക്കിയ SIDCO യുടെ ബിൽ പ്രകാരം കൺവീനർ ശ്രീ.ടി.കെ.ചന്ദ്രൻ വാങ്ങിയ 14 ബാരൽ VG-10 ബിറ്റുമിന്റെ വില ടാക്സ് ഉൾപ്പെടെ 70506 രൂപയാണ്. ആയത് പ്രകാരം ഒരു കിലോഗ്രാം ടാറിന്റെ വില 31.13 രൂപയാണ്. കൺവീനർ ഹാജരാക്കുന്ന ചെലവ് രേഖകൾ പ്രകാരമോ മൂല്യനിർണ്ണയപ്രകാരമോ ഉള്ള നിരക്കുകളിൽ കുറഞ്ഞ നിരക്കാണ് കൺവീനർക്ക് നൽകേണ്ടതെന്നിരിക്കെ ഉയർന്ന നിരക്ക് നൽകിയതു മൂലം 95649 (166155 – 70506) രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. ഈ തുക നഷ്ടത്തിനുത്തരവാദിയായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

2) എസ്റ്റിമേറ്റ് അളവിനേക്കാൾ അധികമായി നടത്തിയ ടാറിംഗ് പ്രവൃത്തിക്ക് ആവശ്യമായ ടാർ വിനിയോഗിച്ചില്ല – നിലവാരം കുറഞ്ഞ പ്രവൃത്തി.

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം 711$m^2$ ടാറിംഗ് പ്രവൃത്തി ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിരുന്നതെങ്കിലും അളവ്പുസ്തകം V/15-16 പ്രകാരം 845$m^2$ പ്രവൃത്തി ചെയ്തിട്ടുണ്ട്. 14 ബാരൽ ടാർ ആണ് വാങ്ങിയതെങ്കിലും 2678.65 kg ഉപയോഗിച്ചതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 413 Kg ടാർ കുറവായാണ് ഈ പ്രവൃത്തിക്ക് ഉപയോഗിച്ചിട്ടുള്ളത്. എന്നാൽ ടാർ വാങ്ങിയതിന്റെ മറ്റ് ബില്ലുകളൊന്നും തന്നെ കൺവീനർ ഹാജരാക്കിയിട്ടില്ല. ആവശ്യത്തിന് ടാർ ഉപയോഗിക്കാതെ നിലവാരം കുറഞ്ഞ ടാറിംഗ് പ്രവൃത്തിയാണ് നടത്തിയിട്ടുള്ളതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. 711 $m^2$ – ൽ ലിമിറ്റ് ചെയ്താണ് കൺവീനർക്ക് തുക അനുവദിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് 16.02.2017- ൽ നൽകിയ 15-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പൊതുപ്പണം വിനിയോഗിച്ച് നടത്തുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ നിലവാരം ഉറപ്പാക്കുന്നതിനുള്ള ബാദ്ധ്യത നിർവ്വഹണ ഉദ്യോഗസ്ഥനുണ്ട്. വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ചെലവ് 494050/-ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ചെലവ് : ബിൽ നം.11/20.02. 2016: 494050/-

## 3-9 ഫൈനൽ ബില്ലിൽ നിന്നും കാലിവീപ്പയുടെ വില കുറവ് ചെയ്തില്ല

2015-16 വർഷം നിർവ്വഹണം നടത്തിയ ടാറിംഗ് പ്രവൃത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ വില ഉൾപ്പെടുത്തിയാണ് നിരക്ക് അനുവദിച്ചിട്ടുള്ളത്. എന്നാൽ ഫൈനൽ ബിൽ നൽകിയപ്പോൾ വീപ്പയുടെ വില കുറവ് ചെയ്തിട്ടില്ല എന്നു കാണുന്നു. വിശദീകരണം നൽകേണ്ടതാണ്. പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി/കരാറുകാരൻ /കൺവീനർ | ടാറിംഗ് ചെയ്ത വിസ്തീർണ്ണം/ അളവ്പുസ്തകം | ഉപയോഗിച്ച/ ആവശ്യമായ ബിറ്റുമിൻ | വീപ്പയുടെ എണ്ണം | വീപ്പയുടെ വില ഈടാക്കേണ്ടത് | ചെലവ് വിവരം |
|---|---|---|---|---|---|---|
| 1 | മിത്രപ്പണി നമ്പ്യാനവെളി റോഡ് ടാറിംഗ്. പി.എൻ.ദാസൻ | 399.10$m^2$ Ltd to 390$m^2$ XI/15-16 | 1265.13 | 8 | 2000 | 496824/- ബിൽ നം. 17/29.03.2016 |
| 2 | വളവനാട് തെക്കേ കാണിക്കമണ്ഡപം റോഡ് ടാറിംഗ് മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത് ശശി.കെ.കെ | 780.44 $m^2$ III/15-16 | 2473.99 | 16 | 4000 | 494050/- ബിൽ നം. 9/19.02.2016 |

| | | | | | | |
|---|---|---|---|---|---|---|
| 3 | മുര്യംവെളി പട്ടികജാതി സങ്കേതം ടാറിംഗ്.<br>ഷാഹുൽ ഹമീദ് | 408.62m$^2$<br>XIII/15-16 | 1295.31 | 8 | 2000 | 500800/-<br>ബിൽ നം.<br>21/31.03.2016 |
| 4 | വിറ്റമിൻ എ പ്ലാന്റ് - അഞ്ജലി റോഡ് ടാറിംഗ് മാരാരിക്കുളം തെക്ക് ഗ്രാമ പഞ്ചായത്ത്.<br>ചന്ദ്രൻ | 845 m$^2$<br>V/15-16 | 2678.65 | 17 | 4250 | 494050/-<br>11/20.02. 2016 |
| 5 | മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത് വാർഡ് 19 കൃഷിഭവൻ റോഡ് നിർമ്മാണം.<br>തോമസ്,കണ്ടനാട് | 432 m$^2$<br>XX/14-15 | 1368.68 | 9 | 2250 | 324361/-<br>ബിൽനം.<br>44/14-15<br>/31.03.15<br>185639/-<br>ബിൽ നം.<br>1/19.08. 2015 |
| ആകെ | | | | 58 | 14500 | |

കാലിവീപ്പയുടെ വില ഈടാക്കാത്തതുമൂലമുള്ള നഷ്ടം 14500 രൂപ (13804+VAT 696) കരാറുകാരിൽ/കൺവീനർമാരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക ഉത്തരവാദിയായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാദ്ധ്യതയായി നിർണ്ണയിക്കുന്നതാണ്.

## 3-10 മുഹമ്മ സി.എച്ച്.സി.വൈദ്യുതികരണം - തുക, ഡിപ്പോസിറ്റ് ചെയ്ത് മാസങ്ങൾ കഴിഞ്ഞിട്ടും വേല ആരംഭിച്ചിട്ടില്ല

മുഹമ്മ സി.എച്ച്.സി.വൈദ്യുതികരണത്തിനായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ സബ് ഡിവിഷൻ, ആലപ്പുഴ 3,97,000/-രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി. തുടർന്ന് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായുള്ള പ്രോജക്ട് നം.എസ്034/16 ൽ 4 ലക്ഷം രൂപ ഈ പ്രവൃത്തിയ്ക്കായി വകയിരുത്തുകയും ബിൽ നം.26/29.02.16 പ്രകാരം 3,43,943/-രൂപ പിൻവലിച്ച് ഈ തുക പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ സബ് ഡിവിഷൻ, ആലപ്പുഴയ്ക്ക് നല്കി. തുക കൈപ്പറ്റിയതായി രേഖകൾ ഹാജരാക്കിയില്ല. മാത്രമല്ല നാളിതുവരെ പ്രവൃത്തി തുടങ്ങിയിട്ടുമില്ല. പ്രവൃത്തി എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-11 പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാക്കാതെ ബ്ലോക്ക് പഞ്ചായത്ത് ആനുകൂല്യം നല്കുന്നു

1) പ്രോജക്റ്റ് നം. - എസ് 0029/16

പ്രോജക്ടിന്റെ പേര്- ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് കാലിത്തീറ്റ വിതരണം

അടങ്കൽ തുക- 15,00,000/-

ചെലവ് തുക- 15,00,000/-

ബിൽ നം.-1/2015-16,30.11.15 തുക-12,06,791/-

ബിൽ നം.-2/2015-16,31.12.15 തുക-2,93,209/-

ക്ഷീര വികസന ഓഫീസർ നടപ്പിലാക്കിയ ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് കാലിത്തീറ്റ വിതരണം എന്ന പ്രോജക്ട് പരിശോധിച്ചതിൽ, ഗ്രാമപഞ്ചായത്തുകൾ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ്, ഈ ഗുണഭോക്താക്കളെ ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള കാലിത്തീറ്റ വിതരണ പ്രോജക്ടുകളിൽ ഉൾപ്പെടുത്തി ആനുകൂല്യം

അനുവദിച്ചിട്ടില്ല എന്നതിന്റെ രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല. പഞ്ചായത്തുകളിൽ നടപ്പിലാക്കി വരുന്ന പ്രോജക്ടുകൾ ബ്ലോക്ക് പഞ്ചായത്ത് തലത്തിലും ഏറ്റെടുക്കുകവഴി ഗുണഭോക്താക്കൾക്ക് ഒന്നിലധികം തവണ ആനുകൂല്യം ലഭിക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.

2) പ്രോജക്റ്റ് നം. - എസ് 0030/16

പ്രോജക്ടിന്റെ പേര്- പരമ്പരാഗത കൈതൊഴിൽ ഗ്രൂപ്പുകൾക്ക് ചകിരി വിതരണം

അടങ്കൽ തുക- 20,00,000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ

ചെലവ് തുക- 19,65,600/-

ബിൽ നം.-1/2015-16,16.03.16 തുക-19,65,600/-

ഇൻഡസ്ട്രീസ് എക്സ്റ്റഷൻ ഓഫീസർ നിർവഹണം നടത്തിയ ടി പ്രോജക്ട് പ്രകാരം, 15 അംഗങ്ങളുള്ള 80 ഗ്രൂപ്പുകൾക്കാണ് ആനുകൂല്യം നല്കിയിരിക്കുന്നത്. ടി പ്രോജക്ടിന്റെ നടത്തിപ്പിനായി ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയില്ല. ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/13.02.2017) ഗ്രാമ സഭാ ലിസ്റ്റ് ലഭ്യമല്ല എന്നും ഉടൻ തന്നെ ഹാജരാക്കുന്നതാണ് എന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. ആയതിനാൽ രേഖകളുടെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-12 ലോഗ് ബുക്കിൽ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ ഔദ്യോഗിക വാഹനമായ KL 04 AA2000, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ ഔദ്യോഗിക വാഹനമായ KL 01 N7753 എന്നിവയുടെ ലോഗ് ബുക്ക് പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. 03/2015 മുതൽ 10/2015 വരെയുള്ള കാലയളവിൽ KL 04 AA2000 നം. വാഹനം ഓടിയതിന്റെ വിവരം സംബന്ധിച്ച് മാസാന്ത്യ സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല.
2. 11/2015ലെ വൌച്ചർ പ്രകാരം KL01 N7753 വണ്ടിയിൽ 115ലിറ്റർ ഡീസൽ അടിച്ചതിന്റെ തുക മാറി നല്കിയിട്ടുണ്ട്. എന്നാൽ, ലോഗ് ബുക്ക് പ്രകാരം തന്മാസം വാങ്ങിയതായി രേഖപ്പെടുത്തിയിരിക്കുന്ന ഡീസൽ 90 ലിറ്റർ മാത്രമാണ്(വൌച്ചർ നം.-173/2015-16,തീയതി-28.12.2015, ചെക്ക് നം.4040982,തീയതി-28.12.15). ഈ വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1/13.02.2017) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 25ലിറ്റർ ഡീസലിന്റെ വിലയായ 1236 (49.44/ltr) രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിയ്ക്കുന്നു.
3. 12/2015, 01/2016, 02/2016 എന്നീ മാസങ്ങളിലെ സംക്ഷിപ്ത വിവരങ്ങൾ പ്രകാരം ബാക്കി നിൽക്കുന്ന ഡീസൽ യഥാക്രമം 55, 104, 139 ലിറ്റർ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ വണ്ടിയുടെ ടാങ്കിന്റെ ഓയിൽ കപ്പാസിറ്റി 40 ലിറ്റർ മാത്രമാണ്. ഈ വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1/13.02.2017) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അധികമായി കാണിച്ചിരിക്കുന്ന 178 ലിറ്റർ ഡീസലിന്റെ വിലയായ 8800/- (49.44/ltr) രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിയ്ക്കുന്നു.

നഷ്ടത്തുകയായ 10,036/-(1236+8800) രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-13 പദ്ധതി രൂപീകരണ നിർവഹണ ചെലവുകൾ - മുഴുവൻ ചെലവുകളും ഉൾപ്പെടുത്തിയിട്ടില്ല

പദ്ധതി രൂപീകരണ നിർവഹണചെലവുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നടപ്പാക്കിയ എസ്020/16ാം നമ്പർ പ്രോജക്ടിൽ ഒരു ലക്ഷം രൂപ വകയിരുത്തിയിരുന്നുവെങ്കിലും വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന് വന്ന 11,760/- രൂപ മാത്രമാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നത്. പദ്ധതി രൂപീകരണം, നിർവഹണം എന്നിവയുമായി ബന്ധപ്പെട്ട് പത്രപ്പരസ്യങ്ങൾ, നോട്ടീസ്, പ്രിന്റിംഗ് കൂലിച്ചെലവ് തുടങ്ങിയവ വന്നിട്ടുണ്ടെങ്കിലും ആയവ ഈ ചെലവിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. പദ്ധതി രൂപീകരണ-നിർവഹണവുമായി ബന്ധപ്പെട്ട് മുഴുവൻ ചെലവുകളും ഇതിൽ ഉൾപ്പെടുത്തേണ്ടതും ചെലവ് പരിധി കഴിയുന്നില്ല എന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 3-14 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് - ബ്ലോക്ക് വിഹിതം അനുവദിക്കൽ - തുക പഞ്ചായത്ത് കൈപ്പറ്റിയതിന് രേഖകളില്ല

ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ നടപ്പാക്കിയ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് ബ്ലോക്ക് വിഹിതം നൽകൽ (പ്രോജക്ട് നം.S036/16) എന്ന പ്രോജക്ടിനായി ബിൽ നം. 1/22.01.2016 പ്രകാരം 457500 രൂപയും ബിൽ നം. 2/18.03.2016 പ്രകാരം 65250 രൂപയും പിൻവലിച്ചിട്ടുണ്ട്. എന്നാൽ ഈ തുക ഏതു ഗ്രാമ പഞ്ചായത്തുകൾക്ക് നൽകിയെന്നോ ഈ ഗ്രാമപഞ്ചായത്തുകൾ തുക കൈപ്പറ്റിയെന്നോ വിനിയോഗിച്ചു എന്നോ ഉള്ള രേഖകൾ ഹാജരാക്കിയിട്ടില്ല. ആവശ്യമായ രേഖകൾ ഹാജരാക്കാത്തതിനാൽ 522750 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-15 ഐ.എ.വൈ.ഭവന നിർമ്മാണം - അവലോകനം

2011-12 മുതൽ 2015-16 വരെ ഐ.എ.വൈ.ഭവന നിർമ്മാണപദ്ധതിയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണത്തിനായി കരാർ വയ്ക്കുകയും ഭവന നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുള്ളവരുടെ വിവരങ്ങൾ താഴെകൊടുക്കുന്നു.

| വർഷം | ആകെ ഗുണഭോക്താക്കളുടെ എണ്ണം | നിർമ്മാണം പൂർത്തീകരിച്ച ഗുണഭോക്താക്കളുടെ എണ്ണം | നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 2011/12 | 802 | 780 | 22 |
| 2012/13 | 179 | 169 | 10 |
| 2013/14 | 159 | 148 | 11 |
| 2014/15 | 248 | 236 | 12 |
| 2015/16 | 294 | 224 | 70 |
| ആകെ | 1682 | 1557 | 125 |

ഐ.എ.വൈ. ഭവന നിർമ്മാണത്തിനായി 2015-16 വർഷം ലഭ്യമായ വിവിധ ഫണ്ടുകളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ഫണ്ട് ഇനം | വരവ് | ചെലവ് |
|---|---|---|
| ഗ്രാമ പഞ്ചായത്ത് വിഹിതം | 11650035 | 8023228 |
| ബ്ളോക്ക് പഞ്ചായത്ത് വിഹിതം | 12005582 | 11227489 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 8736000 | 7824500 |
| സ്റ്റേറ്റ് വിഹിതം | 38017546 | 32139337 |
| കേന്ദ്ര വിഹിതം | 14295213 | 20094341 |

ഐ.എ.വൈ. ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് വിവിധ ഗ്രൂപ്പുകളിലായാണ് ബ്ളോക്ക് പഞ്ചായത്ത് ഭവന നിർമ്മാണം ഏറ്റെടുത്തിട്ടുള്ളത്. അവ ഐ.എ.വൈ. ഭവന നിർമ്മാണം വനിത, ഐ.എ.വൈ. ഭവന നിർമ്മാണം ഭിന്നശേഷിയുള്ളവർക്ക്, ഐ.എ.വൈ. ഭവന നിർമ്മാണം എസ്.സി., ഐ.എ.വൈ. ഭവന നിർമ്മാണം ജനറൽ എന്നിവയാണ്.

2011-12 വർഷം കരാർ വച്ചിട്ടുള്ള ഗുണഭോക്താക്കൾക്ക് വർദ്ധിപ്പിച്ച നിരക്കിലുള്ള വിഹിതത്തിന് അർഹതയുണ്ടെങ്കിലും തുക പൂർണ്ണമായി വിതരണം ചെയ്തിട്ടില്ല. ഇതിൽ 200പേർക്ക് ബ്ളോക്ക് പഞ്ചായത്ത് വിഹിതം ഇനിയും ലഭിക്കുവാനുണ്ടെന്നും 245പേർക്ക് ജില്ലാ പഞ്ചായത്ത് വിഹിതം ഇനിയും ലഭിക്കുവാനുണ്ടെന്നും ആണ് ലഭ്യമായ

രേഖകൾ പ്രകാരം കാണുന്നത്. ഈ തുക ലഭ്യമാകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ബ്ളോക്ക് പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററുകൾ പ്രകാരം ധാരാളം വീടുകൾ ഐ.എ.വൈ. ഭവനങ്ങൾക്ക് നിഷ്കർഷിച്ചിട്ടുള്ള തറ വിസ്തീർണ്ണത്തേക്കാൾ(66 ച.മി.) കൂടിയതായി കാണിച്ച് മുഴുവൻ തുകയും നൽകിയിട്ടില്ലാത്തതായി കാണുന്നു. തദ്ദേശ സ്വയംഭരണ(ഡി.ഡി.) വകുപ്പിന്റെ 8-6-2016 ലെ സ.ഉ.(കൈ) നം.2008/16 പ്രകാരം അംഗീകരിച്ചിട്ടുള്ള തറവിസ്തീർണ്ണത്തിന്റെ 25% വരെ മാത്രമാണ് അധികരിച്ചിട്ടുള്ളതെങ്കിൽ മുഴുവൻ തുകയും അനുവദിക്കാവുന്നതാണ്.

2011-12 മുതലുള്ള ഗുണഭോക്താക്കളിൽ ആനുകൂല്യം കൈപ്പറ്റി ഇനിയും ഭവനനിർമ്മാണം പൂർത്തിയാക്കാത്തവരുടെ പട്ടിക തയ്യാറാക്കി ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനു വന്നിട്ടുള്ള പ്രശ്നങ്ങൾ പ്രത്യേകം ചർച്ചചെയ്ത് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക കണക്കുകളുടെ പരിശോധന

1. ബ്ളോക്ക് പഞ്ചായത്തിൽ ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല.
2. തനത് വരവിനങ്ങളുടെ രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല.

4-2. സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|
| ഗ്രാമപഞ്ചായത്തുകൾ | 2015-16 | 11650035 | ഐ.എ.വൈ ഭവന നിർമ്മാണം | 8023228 |
| ജില്ലാ പഞ്ചായത്ത് | 2015-16 | 8736000 | “ | 911500 |

4-3. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-4. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-5. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | | |
| ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി | സർക്കാർ ഉത്തരവ് (സാധാ) നം. 3568/2010 /ത.സ്വ.ഭ.വ | 12245063 | 5723813 | 1304250 | - | 4419563 | - |

| | | | | | | | |
|---|---|---|---|---|---|---|---|
| | തീയതി. 15.11.2010 | | | | | | |

4-6. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-7. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുകയൊന്നും ലഭിച്ചിട്ടില്ല.

4-8. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 108366918 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 102526472 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 19405 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 586313 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3526343 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 2-1 | 7700 | | സനൽകുമാർ.കെ.എസ്, സെക്രട്ടറി |
| | 700 | | ശരത്ചന്ദ്ര കുറുപ്പ്, സെക്രട്ടറി |
| 2-2 | 11005 | | സനൽകുമാർ.കെ.എസ്, സെക്രട്ടറി |
| 3-1 | | 15223 | അപ്പൻ.എസ്, അസിസ്റ്റന്റ്എക്സിക്യൂട്ടീവ്എഞ്ചിനീയർ |
| 3-3 | | 23000 | സഫീന.കെ.എസ്, കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| 3-4 | | 23000 | ശരത്ചന്ദ്ര കുറുപ്പ്, സെക്രട്ടറി |
| 3-5(1) | | 150000<br>50000 | ബിജു സുന്ദർ, പട്ടികജാതി വികസന ഓഫീസർ<br>രാജീവ്.എസ്, പട്ടികജാതി വികസന ഓഫീസർ |
| 3-5(2) | | 200000 | രാജീവ്.എസ്, പട്ടികജാതി വികസന ഓഫീസർ |
| 3-6 | | 5601 | ടി.ജി.വിജയൻ,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

| | | | |
|---|---|---|---|
| 3-8 | | 95649 | അപ്പൻ.എസ്, അസിസ്റ്റന്റ എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-9 | | 2142 | ടി.ജി.വിജയൻ, അസിസ്റ്റന്റ്എക്സിക്യൂട്ടീവ്എഞ്ചിനീയർ |
| | | 11662 | അപ്പൻ.എസ്, അസിസ്റ്റന്റ്എക്സിക്യൂട്ടീവ്എഞ്ചിനീയർ |
| 3-12 | | 10036 | സനൽകുമാർ.കെ.എസ്, സെക്രട്ടറി |
| ആകെ | 19405 | 586313 | |

<u>തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 200000 | അപ്പൻ.എസ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-8(2) | 494050 | അപ്പൻ.എസ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-10 | 343943 | ശരത്ചന്ദ്ര കുറുപ്പ്, സെക്രട്ടറി |
| 3-11(2) | 1965600 | ഉദയകുമാർ, ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ |
| 3-14 | 522750 | ഡയാന.എ, സി.ഡി.പി.ഒ |
| ആകെ | 3526343 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | തുക | കുറിപ്പ് |
|---|---|---|
| 3-9 | 696 | VAT |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സനൽകുമാർ.കെ.എസ്, സെക്രട്ടറി | വിരമിച്ചു | സുകൃതം, പൊന്നാട്.പി.ഒ,മണ്ണഞ്ചേരി |
| ശരത്ചന്ദ്ര കുറുപ്പ്, സെക്രട്ടറി | സെക്രട്ടറി, വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത് | രാമനിലയം, നടക്കൽ, അടുതല.പി.ഒ, കൊല്ലം |
| അപ്പൻ.എസ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ്എക്സിക്യൂട്ടീവ്എഞ്ചിനീയർ, എൽ.എസ്.ജി.ഡി, ആര്യാട്ബ്ലോക്ക് പഞ്ചായത്ത് | ശ്രീശക്തി, 54/1120(2), എടഗ്രാം, കരമന.പി.ഒ |
| ടി.ജി.വിജയൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി, മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | തുമ്പേപറമ്പിൽ ഹൗസ്, മണർകാട് പി.ഒ, കോട്ടയം |
| സഫീന.കെ.എസ്, കൃഷി അസിസ്റ്റന്റ് ഡയറക്ടർ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ആര്യാട്ബ്ലോക്ക് പഞ്ചായത്ത് | കളിയിക്കൽവീട്, കായംകുളം പി.ഒ |
| ഉദയകുമാർ, ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ, കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് | പങ്ങപ്പറമ്പ്, പൊന്നാട്.പി.ഒ, ആലപ്പുഴ |
| ഡയാന.എ, സി.ഡി.പി.ഒ. | വിരമിച്ചു | ആറാട്ടുകുളം, അയൺ ബ്രിഡ്ജ്.പി.ഒ, ആലപ്പുഴ |
| ബിജു സുന്ദർ, പട്ടികജാതി വികസന ഓഫീസർ | പട്ടികജാതി വികസന ഓഫീസർ, ബ്ലോക്ക് ഓഫീസ്, ശാസ്താംകോട്ട | റോസ് കോട്ടേജ്, സീവ്യൂ വാർഡ്, ആലപ്പുഴ |
| രാജീവ്.എസ്, പട്ടികജാതി വിസകന ഓഫീസർ | പട്ടികജാതി വികസന ഓഫീസർ, നിലമ്പൂർ ബ്ലോക്ക്, മലപ്പുറം | രേവതി, പല്ലാരിമംഗലം.പി.ഒ. മാവേലിക്കര |

4-10.തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| | |
|---|---|
| 1997-98 | എൽഎഫ്ജിഎ5ബി പി അദാലത്ത് 26(86)/14 തീയതി 31.03.2014 |
| 1998-99 | എൽഎഫ്ജിഎ5ബി പി അദാലത്ത് |

| | |
|---|---|
| | 26(87)/14 തീയതി 31.03.2014 |
| 1999-00 | എൽഎഫ്ജിഎ5ബി പി അദാലത്ത് 26(88)/14 തീയതി 31.03.2014 |
| 2000-01 | എൽഎഫ്ജിഎ5ബി പി അദാലത്ത് 26(89)/14 തീയതി 31.03.2014 |
| 2001-02 | എൽഎഫ്ജിഎ5ബി പി അദാലത്ത് 26(90)/14 തീയതി 31.03.2014 |
| 2002-03 | എൽഎഫ്ജിഎ5ബി പി അദാലത്ത് 26(91)/14 തീയതി 31.03.2014 |
| 2003-04 | എൽഎഫ്ജിഎ5ബി പി അദാലത്ത് 26(92)/14 തീയതി 31.03.2014 |
| 2004-05 | എൽഎഫ്ജിഎ5ബി പി അദാലത്ത് 26(93)/14 തീയതി 31.03.2014 |
| 2005-06 | എൽഎഫ്ജിഎ5ബി പി അദാലത്ത് 26(94)/14 തീയതി 31.03.2014 |
| 2006-07 | എൽഎഫ്ജിഎ5ബി പി അദാലത്ത് 26(95)/14 തീയതി 31.03.2014 |
| 2007-08 | എൽഎഫ്ജിഎ5ബി പി അദാലത്ത് 26(96)/14 തീയതി 31.03.2014 |
| 2008-09 | എൽഎഫ്ജിഎ5ബി പി അദാലത്ത് 26(97)/14 തീയതി 31.03.2014 |
| 2009-10 | എൽഎഫ്ജിഎ5ബി പി അദാലത്ത് 26(98)/14 തീയതി 31.03.2014 |
| 2010-11 & 2011-12 | എൽഎഫ് എ ബി പി 494/2013/23-10-2013 |
| 2012-13 | എൽഎഫ് എ ബി പി 437/2015/10-06-2015 |
| 2013-14, 2014-15 | കെ.എസ്.എ/എ.എൽ.പി/ബി.പി-1571/2015 /15.12.2015 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ.

കെ.എസ്.എ-എ.എൽ.പി/ബി.പി-211/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ.

ഫോൺ-0477-2252753,

ഇ-മെയിൽ - ddhglfalpy@gmail.com

തീയതി: 13.03.2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ ആര്യാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക 4-1 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ആര്യാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

KSA-ALP/BP-211/2017

Kerala State Audit Department,

District Audit Affice, Alappuzha.

Ph : 0477-2252753

E-mail : ddhglfalpy@gmail.com

Date: 13.03.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Aryad Block Panchayat in Alappuzha district for the year ended on 31.03.2016 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made there under and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statement of Aryad Block Panchayat for the year 2015-16 except the observations in Para 4-1 of my Audit Report properly presents the picture of income and expenditure.

Senior Deputy Director

kerala State Audit Department

Alappuzha